## പത്തനംതിട്ട ജില്ല

## തദ്ദേശ അദാലത്ത് –10/09/2024

| | | |
|---|---|---|
| ഡോക്കറ്റ്നമ്പർ | : | BPPTA 30420000005 |
| അപേക്ഷകൻറെപേര് മേൽവിലാസം | : | ശ്രീ. സഞ്ജീവ് ഗംഗാധരൻ, വി.കെ.ജി വില്ല, കലഞ്ഞൂർ |
| തദ്ദേശസ്ഥാപനത്തിലെ ഫയൽനമ്പർ | : | |
| അപേക്ഷയുടെതരം | : | ബിൽഡിംഗ് പെർമിറ്റ് |

**പരാതിയുടെ സംക്ഷിപ്തം:**

കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് – ഗ്രമപഞ്ചായത്തില് നിന്ന് കെട്ടിട നമ്പര് അനുവദിക്കുന്നത് –സംബന്ധിച്ച്

**തദ്ദേശസ്വയംഭരണ സ്ഥാപനം, ഉപ ജില്ലാ സമിതി എന്നിവർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്:**

ശ്രീ. സഞ്ജീവ് ഗംഗാധരൻ 1998-ല കുടുത്ത ജംഗ്ഷനില് മൂന്ന് കടമുറികൾ നിർമ്മിച്ചിരുന്നുവെന്നും പഞ്ചായത്തിൽ നിന്നും 3-541/C, 541/D 541/E എന്നീ നമ്പരുകൾ ഇട്ടിരുന്നുവെന്നും, ടിയാൻ കരം പഞ്ചായത്തിൽ കരം ഒടുക്കി വന്നിരുന്നുവെന്നും 2019-ല കരം ഒടുക്കാൻ പോയപ്പോള് മൂന്നാം വാർഡ് 16 ആം വാർഡായി മാറിയിരുന്നുവെന്നും 16/97 എന്നാ നമ്പർ ഒരു മുറിക്ക് മാത്രമേ നിലവിൽ നമ്പർ ഉണ്ടായിരുന്നുള്ളുവെന്നും പറയുന്നു. ലൈസൻസിയെ കൊണ്ട് കെട്ടിടത്തിന്റെ പ്ലാൻ വരപ്പിച്ച് 03/05/2019 –ൽ പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും 16/981, 16/982 എന്നീ നമ്പരുകൾ അനുവദിച്ചുവെന്നും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കി വൈദ്യുതി കണക്ഷൻ എടുത്തുവെന്നും പരാതിയിൽ പറയുന്നു. കടമുറി വാടകയ്ക്ക് എടുത്തയാൾ ലൈസൻസിന് അപേക്ഷിച്ചപ്പോൾ ടി നമ്പരുകൾ 2022-23 കാലയളവിൽ മറ്റൊരു വ്യക്തിക്ക് അനുവദിച്ചതായിട്ടാണ് ടിയാനെ അറിയിച്ചത് പരാതിയില് പറയുന്നു.

പഞ്ചായത്ത് രേഖകൾ പരിശോധിച്ചതിൽ 16/981, 16/982 നമ്പരുകൾ 2022-23 വർഷമാണ് അനുവദിച്ചത്. പ്രസ്തുത നമ്പരുകൾ ശ്രീ. സഞ്ജീവ് ഗംഗാധരൻ എന്ന വ്യക്തിക്ക് അല്ല അനുവദിച്ചിരിക്കുന്നത്. 27/02/2024 തീയതിയിൽ നടന്ന ഉപജില്ലാ അദാലത്തിൽ ശ്രീ. സഞ്ജീവ് ഗംഗാധരനും, സെക്രട്ടറിയും പങ്കെടുത്തിട്ടുള്ളതാണ്. ടിയാന് മുമ്പ് നമ്പർ ലഭിച്ചിട്ടുള്ളതാണെന്നും കരം അടച്ചിട്ടുള്ളതാണെന്നും ആയതിനാൽ പുതിയ നമ്പർ അനുവദിക്കണമെന്നുമാണ് ടിയാന്റെ പരാതിയിൽ ഉള്ളത്. Y ആക്രിതിയ്ൽ വരുന്ന രണ്ട റോഡുകൾക്കിടയിലാണ് ടി കെട്ടിടം സ്ഥിതി ചെയ്യുന്നത് എന്നതിനാൽ കെ.പി.ബി.ആർ 2019 പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിൽ പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ ലഭ്യമല്ല. പുതിയ രജിസ്റ്ററിൽ 15/97 നമ്പർ മാത്രമാണുള്ളത്. സഞ്ചയ സോഫ്റ്റ് വെയര് പ്രകാരം 1993 അസ്സസ്സ്മെന്റ് വർഷത്തിൽ 541/C, 541/D നമ്പരുകൾ ശ്രീ. സഞ്ജീവ് ഗംഗാധരന്റെ പേരിൽ അല്ല. 3/541/E നമ്പർ സഞ്ചയയിൽ ലഭ്യവുമല്ല. ഓഫീസിൽ കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനായി 2019 –ല സങ്കേതം മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. കൂടെ ഉടമസ്ഥതാസർട്ടിഫിക്കറ്റ് പകർപ്പ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഈ കെട്ടിടങ്ങളുടെ കരം ഒടുക്കിയ രസീതോ രേഖയോ

ഹാജരാക്കിയിട്ടില്ല.സഞ്ചയ പരിശോധിച്ചതിലും നികുതി ഒടുക്കിയതായി കാണുന്നില്ല.. ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് 2023 –ല ടിയാന് ജോയിന്റ് ഡയറക്ടരുടെ കാര്യാലയത്തിൽ നിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്.

**ജില്ലാതല അദാലത്ത് സമിതി തീരുമാനം/ശിപാർശഃ**

- വ്യാജ സർട്ടിഫിക്കറ്റുകള് സംബന്ധമായ വിഷയം വിജിലൻസ് അന്വേഷണം ശുപാർശ ചെയ്യുന്നു.
- കെ.പി.ബി.ആർ 2019 ചട്ടങ്ങൾ പാലിക്കാത്തതിനാൽ നിലവിൽ കെട്ടിടം ക്രമവൽക്കരിക്കുവാൻ സാധിക്കില്ല

**ജില്ലാതല അദാലത്ത് സമിതി അംഗങ്ങൾ :**

1) രശ്മി മോൾ കെ, ജോയിൻറ് ഡയറക്ടർ, പത്തനംതിട്ട

2) അരുൺ ജി, ജില്ലാ ടൗൺ പ്ലാനർ, പത്തനംതിട്ട

3) അനിത .എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയര്

4) രാജ് കുമാർ ജി, കൺവീനർ, അസി. ഡയറക്ടർ